പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4280

16.12.2014 ൽ
മറുപടിയ്ക്ക്

# യുവജനക്ഷേമ കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ :<br>ശ്രീ. എ.പ്രദീപ് കുമാർ :<br>ശ്രീ. ടി.വി.രാജേഷ് :<br>ശ്രീ. ആർ.രാജേഷ് : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമകമ്മീഷന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) യുവജനങ്ങളുടെ ഊർജ്ജസ്വലതയെ സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിയ്ക്കും ഉതകും വിധം ഉപയുക്തമാക്കുന്നതിന് യുവജന ക്ഷേമ ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിലപാട് വ്യക്തമാക്കുമോ ; | (ബി) ഇല്ല. |
| (സി) യുവജനങ്ങളുടെ ആവശ്യകതയും പോരായ്മകളും കണ്ടെത്തി സഹായങ്ങൾ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് ആക്ഷേപമുണ്ടോ ; വ്യക്തമാക്കുമോ ; | (സി) ഇല്ല |
| (ഡി) സാമൂഹ്യ - സാംസ്കാരിക മേഖലകളിൽ യുവജനങ്ങൾ നേരായ മാർഗ്ഗത്തിൽ നയിക്കപ്പെടുന്നതിന് സഹായകമായി ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിനെപ്പറ്റിയുള്ള ആശങ്ക വിലയിരുത്തിയിട്ടുണ്ടോ ? | (ഡി) യുവജനങ്ങളെ ശാക്തീകരിക്കുന്നത് ലക്ഷ്യം വച്ച് സംസ്ഥാന യുവജനകമ്മീഷൻ അവരുടെ ആവശ്യങ്ങളും പോരായ്മകളും കണ്ടെത്തി സഹായങ്ങൾ നൽകുന്നതിൽ അതീവ ശ്രദ്ധ ചെലുത്തി വരുന്നു. മദ്യം, മയക്കുമരുന്ന് ഉപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവാക്കളെ നയിക്കുന്നതിന് ഉതകുന്ന പ്രചാരണ ബോധവത്ക്കരണ പരിപാടികൾ യുവജന കമ്മീഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |

സാമൂഹ്യ – സാംസ്കാരിക മേഖലകളിൽ യുവജനങ്ങളെ നേരായ മാർഗ്ഗത്തിൽ നയിക്കുന്നതിന് സഹായകമായി നിരവധി പരിപാടികളാണ് യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, ബോധവൽക്കരണ സെമിനാറുകൾ, വ്യക്തിത്വവികസന ക്യാമ്പുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, മറ്റ് പരിപാടികൾ എന്നിവ യുവജനങ്ങൾക്ക് നേതൃത്വപാടവം നൽകുന്നതിലേക്ക് ബോർഡ് നടപ്പിലാക്കി വരുന്നു. ഇത് സംബന്ധിച്ച് ആശങ്കകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യുവജന മേഖലയിലുണ്ടാകുന്ന പ്രശ്നങ്ങളിൽ കമ്മീഷൻ നേരിട്ടിടപെടുകയും അത് പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ